**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3557** **08-10-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി വടക്ക് വില്ലേജിലെ കീച്ചൻ പാറ, തീക്കോയി വില്ലേജിലെ മംഗളഗിരി 30 ഏക്കർ, പൂഞ്ഞാർ നടുഭാഗം വില്ലേജിലെ വഴിക്കടവ് തുടങ്ങിയ പ്രദേശങ്ങളിലെ കൈവശക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | മുണ്ടക്കയം പഞ്ചായത്തിൽപ്പെട്ട എരുമേലി വടക്ക് വില്ലേജിൽ കീച്ചൻപാറ പ്രദേശത്ത് ബ്ലോക്ക് 26 ൽ റീസർവ്വേ നമ്പർ 400 ൽ ഉൾപ്പെട്ട 01.6500 ഹെക്ടർ തോട് പുറമ്പോക്ക് പതിച്ചു നല്കുന്നതിന് മുണ്ടക്കയം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമറിയിച്ചിട്ടുള്ളതും തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടർ ഭൂമി പതിച്ചു നല്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതുമാണ്. പട്ടയം അനുവദിക്കുന്നതിന്റെ തുടർ നടപടികളുമായി ബന്ധപ്പെട്ട് വസ്തുവിന്റെ സാക്ഷ്യപ്പെടുത്തിയ റീസർവേ റിക്കാർഡുകൾ, പട്ടയം അനുവദിക്കുന്നതിനുള്ള അർഹത സംബന്ധിച്ച് ഓരോ കൈവശവും തിരിച്ചുള്ള വ്യക്തമായ ശുപാർശ എന്നിവ സമർപ്പിക്കുവാൻ തഹസിൽദാർക്ക് നിർദ്ദേശം നല്കിയിരുന്നു. ആകെ 46 അപേക്ഷകരിൽ 4 അപേക്ഷകർ തോടിനോട് വളരെ ചേർന്ന് താമസിച്ചു വരുന്നതിനാൽ ടി 4 കുടുംബങ്ങളെ ഒഴിവാക്കി ബാക്കി 42 കുടുംബങ്ങൾക്ക് സർവ്വേ നടപടികൾ പൂർത്തീകരിച്ച് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>പൂഞ്ഞാർ മണ്ഡലത്തിലെ മീനച്ചിൽ താലൂക്കിൽ ഉൾപ്പെട്ട തീക്കോയി വില്ലേജിലെ (മംഗളഗിരി 30 ഏക്കർ ) ബ്ളോക്ക് 65-ൽ വിവിധ റീസർവ്വേ നമ്പറുകളിൽപ്പെട്ട ഭൂമിയ്ക്ക് ലാന്റ് ട്രിബ്യൂണൽ പട്ടയത്തിനായി തണ്ടപ്പേർ നമ്പർ 1050-ൽ പാറയ്ക്കൽ മണാളരു നാരായണൻ ഗോവിന്ദൻ, പുതിയാത്ത് ഗോവിന്ദപ്പിള്ള ഗോപാലപിള്ള ജന്മിയായുള്ളതുമായ നിരവധി അപേക്ഷകൾ തഹസീൽദാരുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളതും ഫോം ഡി പരസ്യപ്പെടുത്തിയിരുന്നതും ഫോം ഇ, അപേക്ഷകർക്കും ജന്മിയ്ക്കും നൽകി വിചാരണകൾ നടത്തിയിരുന്നതുമാണ്. വിചാരണാ വേളയിൽ ജന്മിയുടെ അവകാശിയായ ശ്രീ.പി. ഡി സുനിൽബാബു ഹാജരായിരുന്നു. ടി വസ്തുക്കളുടെ |

| | | | |
|---|---|---|---|
| | | | ജന്മം/പാട്ടം സംബന്ധിച്ച് പാറയ്ക്കൽ മണാളത്ത നാരായണൻ ഗോവിന്ദൻ, പുതിയാത്ത് ഗോവിന്ദപ്പിള്ള ഗോപാലപിള്ള എന്നീ ജന്മികളുടെ അനന്തരാവകാശികളും തീക്കോയി എസ്റ്റേറ്റും തമ്മിൽ പാലാ സബ് കോടതി മുമ്പാകെ നിലവിലുണ്ടായിരുന്ന OS -117/2006 നമ്പർ കേസിൽ 05.08.2022 തീയതിയിൽ തീക്കോയി എസ്റ്റേറ്റിന് അനുകൂലമായി വിധിയുണ്ടായിട്ടുള്ളതുമാണെന്നും ടി വിധിയ്ക്കെതിരെ നിലവിലെ പട്ടയ അപേക്ഷാ സ്ഥലം ഉൾപ്പെടെയുള്ള ഭൂമി സംബന്ധിച്ച് കോട്ടയം ജില്ലാകോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതായും നിലവിലുള്ള AS -74/2022, 77/2022, 78/2022 എന്നീ കേസുകൾ പെൻഡിംഗിലാണെന്നും 27.06.2025 തീയതിയിൽ ശ്രീ.പിഡി സുനിൽബാബു അറിയിച്ചിട്ടുള്ളതുമാണ്. ഇ-കോർട്ട് സ്റ്റാറ്റസ് പരിശോധിച്ചതിൽ ടി കേസിൽ 14.11.2025 തീയതിയിൽ വിചാരണ നിശ്ചയിച്ചിട്ടുള്ളതായി കാണുന്നതും ആയതിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ ടി പട്ടയ അപേക്ഷകളിൽ തുടർനടപടി സ്വീകരിക്കുവാനാവുകയുള്ളൂ.<br><br>പൂഞ്ഞാർ നടുഭാഗം വില്ലേജിലെ ബ്ളോക്ക് 63-ലെ വിവിധ സർവ്വേ നമ്പരുകളിലെ മിച്ചഭൂമിയിൽ പട്ടയം നൽകുന്നതു സംബന്ധിച്ച് പ്രാഥമിക ഘട്ടത്തിലെ 32 പേരെ അർഹരായി പരിഗണിച്ച് പട്ടയം നല്കുന്നതിന് ഉത്തരവായിരുന്നതും ആയതിൽ 5 പേരൊഴികെ ബാക്കിയെല്ലാവർക്കും പട്ടയം നല്കിയിരുന്നതുമാണ്. ടി അഞ്ചു പേർക്ക് സർവ്വേ നമ്പരിലുള്ള പിശകു മൂലം പട്ടയവിതരണം മുടങ്ങിപ്പോയിട്ടുള്ളതും ടി പിശകു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. രണ്ടാം ഘട്ടം ലിസ്റ്റിലുൾപ്പെട്ട ആളുകളുടെ കൈവശഭൂമി വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ചാർജ് ഓഫീസർ പരിശോധിച്ചിട്ടുള്ളതും 11 പേർക്ക് അർഹതയുള്ളതായും 13 കേസുകൾ പരിഗണിക്കേണ്ടതില്ലെന്നും ടി 11 പേർക്ക് മറ്റു സ്ഥലങ്ങളുള്ളതായി അറിവു ലഭിച്ചതിൽ ആയതു സംബന്ധിച്ച റിപ്പോർട്ടിനായി വില്ലേജുകളിലേയ്ക്ക് കത്തു നല്കിയിരിക്കുന്നതും അർഹത പരിശോധിച്ചു വരുന്നതും ടി നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മിച്ചഭൂമി പട്ടയവിതരണത്തിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്നും മീനച്ചിൽ തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ